**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2007.** | **15-07-2016-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. വി. അബ്ദുറഹിമാൻ:<br>ശ്രീ. എം.എം. മണി :<br>ശ്രീ. സി.കെ.ശശീന്ദ്രൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വാസഗൃഹങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തോട്ടം തൊഴിലാളികൾക്കായി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) തോട്ടം തൊഴിലാളികളുടെ ഭവനം പദ്ധതിക്കുവേണ്ടി 1959-ലെ കമ്പനി നിയമം സെക്ഷൻ 25 പ്രകാരം ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി തൊഴിൽ വകുപ്പിന് കീഴിൽ 11/01/2014-ന് പ്രവർത്തനം ആരംഭിച്ചു. 2013-14-ൽ 20 കോടി രൂപ സർക്കാർ പ്ലാൻ ഫണ്ടിൽ ഇതിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ഭവനം പദ്ധതിയുടെ നടത്തിപ്പിനായി തോട്ടം മേഖലയിൽ തൊഴിലുടമയുടെയും തൊഴിലാളികളുടെയും ഇടയിൽ സർവ്വേ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (സി) പ്ലാന്റേഷൻ തൊഴിൽ നിയമ പ്രകാരം വാസ സൗകര്യം ഏർപ്പെടുത്തുന്നതു നിരീക്ഷിക്കുന്നതിനായി പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി കമ്മിറ്റി പുനസംഘടിപ്പിച്ച് ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി കമ്മിറ്റി പുന:സംഘടിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**